''ആ ബെറ്റ് കിട്ടീട്ടാ''.
സംഭാഷണത്തിനിടയില് ആഹ്ലാദം നിറഞ്ഞൊഴുകിയ ശകലം കൊണ്ടു തന്നെ തുടങ്ങട്ടെ. ഐറീന്റെ ജനനദിവസം ആശുപത്രിയുടെ കാത്തിരിപ്പു മുറിയില് മനസ്സു തുറന്നു നൃത്തമാടി ആ ബാങ്കര്. അന്നത്തെ ആ പരിസര ദൃശ്യം നല്കിയ ചാരുതയും മറ്റൊന്നല്ല.നാലു പെണ്കുഞ്ഞുങ്ങളുടെ ഒരു നിരയുമായി അഞ്ചാമതൊരാണ്കുട്ടിയെ വരവേല്ക്കാന് പ്രതീക്ഷയോടെ വേറൊരു കുടുംബം.
അതിനരികില് കുഞ്ഞ് ആണാകുമെന്ന് ബെറ്റു വച്ചൊരമ്മയും, അല്ല പെണ്കുട്ടിയായിരിക്കുമെന്ന് ബെറ്റ് സ്വീകരിച്ചൊരു മകനും ടെന്ഷനകറ്റി കാത്തിരുന്നു. കുഞ്ഞുങ്ങളുടെ വരവറിയിച്ചു കൊണ്ട് ലേബര് റൂം വാതില് തുറന്നു. നാലുകുഞ്ഞുങ്ങളുടെ കുടുംബം ഏറ്റുവാങ്ങിയ നവജാതനുമായി ആഹ്ലാദപൂര്വം അവിടെ നിരന്നു നിന്ന കാഴ്ച മായുന്നതിനു മുമ്പ് അടുത്തയാളുടെ വരവായി.
ഏറ്റു വാങ്ങിയ സമയമുളവായ ആഹ്ലാദം മനസ്സു തുറന്ന നൃത്തച്ചുവടുകളായി മാറി. ബെറ്റില് തോറ്റ ആ അമ്മയും കൂടി അതില് ചേര്ന്നപ്പോള് ആ പരിസരത്തില്
ഒരു കൂട്ടം മനുഷ്യരുടെ ആഹ്ലാദമഴ പെയ്യുകയായിരുന്നു.

അന്ന് ജനിച്ച ഐറിനിപ്പോള് വയസ്സ് അഞ്ചായിരിക്കുന്നു. ടാലന്റഡ് ബാങ്കേഴ്സ് പേജുകളില് അടുത്ത കാലത്തു കടന്നു വന്ന ആ അച്ഛനു കൂട്ടായി ഐറിനുമുണ്ട്. തന്റെ കൊഞ്ചലാര്ന്ന ശബ്ദവിന്യാസവുമായി.

കൃതഹസ്തമായ കലാസപര്യയുടെ കാതലുമായി ഈയാഴ്ചയില് നമ്മുടെ ദളമായെത്തുന്നത് ഐറിന്റെ അച്ഛനായ

അഭിലാഷ് കൃഷ്ണന്കുട്ടി
യൂണിയന് ബാങ്ക് ഓഫ് ഇന്ത്യ,
തരൂര് ബ്രാഞ്ച്,പാലക്കാട് ജില്ല.

പാലക്കാട് വടക്കഞ്ചേരിക്കടുത്ത മഞ്ഞപ്രയില് 1988 ഫെബ്രുവരിയില് പരേതനായ കെ.കൃഷ്ണന്കുട്ടി - ശ്രീമതി എം. പ്രേമകുമാരി ദമ്പതികളുടെ മകനായി ജനനം. പിതാവ് കരസേനയില് നിന്ന് സുബേദാര് മേജറായി വിരമിച്ച ശേഷം കെ.എസ്.എഫ്.ഇ യില് പ്രവര്ത്തിച്ചു. ഏഴു വര്ഷങ്ങള്ക്കു മുമ്പ് ദിവംഗതനായി. മാതാവ് ആലത്തൂര് ഇ. കെ. ഇ. എം.യു. പി. എസ്സില് അദ്ധ്യാപികയായി വിരമിച്ചു. മൂത്ത ജ്യേഷ്ഠന് ശ്രീ അനീഷ് കൃഷ്ണന് കുട്ടി HCL ല് എഞ്ചിനീയര് ജോലിയില് നിന്നു വിടുതല് വാങ്ങി സൂപ്പര് മാര്ക്കെറ്റ് ബിസിനസ്സ് സംരംഭകനായി. ഒപ്പം അമ്മയും അഭിലാഷിന്റെ ജീവിതസഖി രേഷ്മയും ഈ ബിസിനസ്സ് സംരംഭത്തിന് ചുക്കാന് പിടിക്കുന്നു. രേഷ്മ, യു കെയില് നിന്ന് MBA ബിരുദവുമായാണ് അഭിലാഷിന്റെ ജീവിതത്തിലേക്കു ചേക്കേറിയത്. രേഷ്മയുടെ പിതാവിന്റെ പാത പിന്തുടര്ന്ന് മികച്ചൊരു സംരഭകയാകണമെന്നതാണ്

രേഷ്മയുടെയും അഭിലാഷം. ഐറിന് എന്ന കുഞ്ഞുമിടുക്കിയും ചേര്ന്നപ്പോള്, അഭിലാഷ പൂര്ണ്ണിമയായി ഈ കുടംബം.

അഭിലാഷിന്റെ സ്കൂള് പഠനകാലമാകെയും ആലത്തൂര് ബി. എസ്. എസ് ഗുരുകുലം എന്ന കേരളത്തിലെ പ്രശസ്തമായ വിദ്യാലയത്തിലായിരുന്നു. ''ഹയര് സെക്കണ്ടറി വരെയും പഠിപ്പിസ്റ്റ് എന്ന പട്ടം ചാര്ത്തി വളര്ന്നതു കൊണ്ട് കലാമത്സരവേദികളിലൊന്നിലും മാറ്റുരക്കുവാന് പോയതുമില്ല'' - അഭിലാഷിന്റെ കൗമാര കാല നേട്ടങ്ങളുടെ കണക്കു പട്ടികയില് ഡിസ്റ്റിംഗ്ഷനായി ലഭിച്ച മാര്ക്കുകളുടെ ശേഖരം മാത്രമേയുള്ളു. ബി.ടെക് (ഇ. സി) യുടെ പഠനത്തിനായി കരുനാഗപ്പള്ളി എഞ്ചിനീയറിംഗ് കോളേജിലെത്തിയപ്പോഴാണ് ഉള്ളിലെ താളബോധങ്ങളുടെ ഉറവയുടെ ആഴമറിഞ്ഞത്. നൃത്തച്ചുവടുകളുമായി വേഗത്തില് പൊരുത്തപ്പെടുന്ന തന്നിലെ വാസന കണ്ടറിഞ്ഞു പ്രോത്സാഹിപ്പിക്കുവാന് കോളേജു തല വേദികള് കൂട്ടായി. ഇന്റര് കോളേജിയേറ്റ് മോഡേണ് നൃത്തവേദികള് കീഴടക്കി കോളേജ് ടീം മുന്നേറി. അഭിനയഭ്രമം വികസിച്ചതും ഈ സമയത്താണ്. കൂട്ടുകാരുടെ നിര്ലോപമായ പ്രോത്സാഹനം ലഭിച്ചു. അച്ഛനും അമ്മയും അമ്മാവനും നാടകാഭിനയരംഗത്തു ശോഭിച്ചവരായിരുന്നതാകാം തന്റെ അഭിനയത്തിന് നാന്ദിയായതെന്ന് അഭിലാഷ് സാഭിമാനം പറയുന്നു.

എഞ്ചിനീയറിംഗ് പഠനശേഷം കുറച്ചു നാള് Eram Scientific Solution, Sutherland Global Services എന്ന സ്ഥാപനത്തില് ജോലിനോക്കി. 2012 ല് യൂണിയന് ബാങ്ക് ഓഫ് ഇന്ത്യയില് ക്ലറിക്കല് കേഡറില് ജന്മനാടിനടുത്തു തന്നെയുള്ള തരൂര് ബ്രാഞ്ചില് ജോലിയായി. അവിടെ തുടരുന്നു. നാട്ടിലെ സ്ഥിരം ജോലി എന്ന അച്ഛന്റെ അഭിലാഷം സാദ്ധ്യമായതില് കുടുംബത്തിലാകെ സന്തോഷം അലതല്ലി.

എങ്കിലും, അതിനടുത്ത നാളുകളില് പിതാവിന്റെ വേര്പാട് ആഘാതമായി. കാന്സര് രോഗത്തിന്റെ ദൈന്യതകളുടെ പിടിയിലമര്ന്ന പിതാവിന്റെ വേര്പാടില് അമ്മയുടെ ചിരി മാഞ്ഞു പോയിരുന്നു. ''എക്കാലത്തും പ്രസന്നവതിയായിരുന്ന അമ്മയുടെ ചിരി വീണ്ടെടുക്കുക ജ്യേഷ്ഠന്റെയും എന്റേയും ദൗത്യമായി മാറി'' അഭിലാഷിന്റെ വാക്കുകളില് ബന്ധങ്ങളുടെ ഊഷ്മളതയേറി.

അപ്പോഴേക്കും അമ്മാവന്റെ - പ്രശസ്തനായ നാടകകാരനായ പരേതനായ രാജന് മാഷ്-സ്നേഹിതര് പരേതനോടുള്ള ആദരസൂചകമായി അദ്ദേഹം മൂന്നു പതിറ്റാണ്ടുകള്ക്ക് മുമ്പ് അരങ്ങു കീഴടക്കിയ ''നിഷേധി'' എന്ന നാടക ത്തിന്റെ പുനരാവിഷ്കാര സംരംഭവുമായി വന്നത് ആശ്വാസമായി. അതിലെ ലീഡ് റോള് അവതരിപ്പിക്കാനുള്ള ദൗത്യം ഏറ്റെടുത്തു. 2014 ലെ ആ സ്റ്റേജ് അനുഭവം തന്റെ ഭാവാഭിനയ ബോധതലങ്ങളെ

ത്രസിപ്പിക്കുകയായിരുന്നു. കടുത്ത നെഗറ്റീവ് ഭാവങ്ങള് രംഗത്തു വിടരുമ്പോള് ആസ്വാദകഭാഗത്തു നിന്നുള്ള ആഹ്ലാദസൂചകങ്ങള് ഉത്തേജകമായി. നാടകാഭിനയം തുടര്ച്ചയായ ഇംപ്രൊവൈസേഷനുകളിലൂടെ പരിപാലിച്ചു കൊണ്ട് സ്വായത്തമാക്കുകയായിരുന്നു. സ്കൂള്കോളേജുതല കൂട്ടുകാരില് ചിലര് ഷോര്ട്ട് ഫിലിം രംഗത്തേക്ക് കടന്നിരുന്ന സമയവുമായിരുന്നു, അക്കാലം. അഭിനയവും നൃത്തച്ചുവടുകളുമായി ആ ഉദ്യമങ്ങളില് പങ്കു കൊണ്ടു. ആദ്യ ഷോര്ട്ട്- ഫിലിം ''കര്മ്മണാ'' ആയിരുന്നു. അഘോര മീഡിയ എന്ന പാലക്കാടന് സംഘം നിര്മ്മിച്ച ചിത്രം അനുവാചക ശ്രദ്ധ ഏറെ നേടി. തുടര്ന്ന് ''മാരിവില്ല്'', ''ചെണ്ടുമല്ലി'' ''ഹാങ് ഓവര്'' ''ദാസനും വിജയനും'', ''പത്മരാജന് കഥകള്'' തുടങ്ങി വിവിധ ഷോര്ട്ട്-ഫിലിമുകളും വെബ് സീരീസുകളും റിലീസായി. പാലക്കാട് മൂവീ മേക്കേഴ്സ് സംഘം നല്കുന്ന പ്രചോദനങ്ങള് വിലപ്പെട്ടതാകുന്നു. കൈവന്ന ഓരോ അഭിനയാവസരവും പുതിയ പാഠങ്ങള് നല്കി. നിരന്തരമായ പരിപോഷണത്തിനായി മോണോലോഗുകള് എഴുതി തയ്യാറാക്കി അഭിനയിച്ചു ഇന്സ്റ്റാഗ്രാമിലും ഫെയ്സ്ബുക്കിലും പോസ്റ്റു ചെയ്തു. വ്യത്യസ്തങ്ങളായ ഭാവതലങ്ങളിലൂടെ മനസ്സും ശരീരവും സഞ്ചരിക്കുന്നതിന്
ഈ ശീലം ഒരുപാടുതകുകയും ചെയ്തു.നീണ്ട ഡയലോഗുകളടങ്ങിയ ഷോട്ടുകള് ഒറ്റ ടേക്കില് എടുക്കുവാനായി.

യൂണിയന് ബാങ്ക് ഓഫ് ഇന്ത്യയിലെ കലാവേദികളായ 'സാറ്റര്നാലിയ', 'ദ്യുതി' എന്നിവയിലെ പുരുഷവിഭാഗം സംഘനൃത്തങ്ങളില് കോഴിക്കോട് റീജിയന് അഭിമാനാര്ഹമായ നേട്ടങ്ങള്ക്ക് നേതൃത്വം കൊടുത്തു.

'ലവ്' എന്ന മോണോലോഗിനെ അധികരിച്ച് കേരള സര്ക്കാര് ഭരത് പി.ജെ.ആന്റണി അവാര്ഡ് കമ്മിറ്റിയുടെ സ്പെഷ്യല് മെന്ഷനും അര്ഹനായി പാലക്കാടിന്റെ ഈ അഭിമാനതാരം.
2018 ലാണ് ശ്രീ വിനീത് ശ്രീനിവാസന് അഭിനയിച്ച 'മനോഹരം'' എന്ന ചിത്രത്തിന്റെ നിര്മ്മാണത്തിനായി
പാലക്കാട്ടെത്തുന്നത്. ചില റോളുകളിലേക്ക് പുതുമുഖങ്ങളെ തേടിയുള്ള അറിയിപ്പുണ്ടായി. ആയിരത്തോളം പേര് പങ്കെടുത്ത ഓഡിഷന്റെ വിവിധ ഘട്ടങ്ങള് കഴിഞ്ഞ് അഭിലാഷിനെ, തെരഞ്ഞെടുക്കപ്പെട്ട ദിനം കൂട്ടുകാര് റോഡില് ഒരു നൃത്താഹ്ലാദപ്രകടനം തന്നെ നടത്തി. 'മനോഹരം' സെറ്റില് നിന്ന് രണ്ടു ദിവസത്തെ സിനിമാഭിനയ പരിശീലനവും ലഭിച്ചു. ശ്രീ വിനീതിന്റെ നിര്ദ്ദേശങ്ങള്, സ്നേഹാര്ദ്രമായ പ്രോത്സാഹനങ്ങള് ഒക്കെയുംമറക്കാവതല്ല. ഇന്ദ്രന്സ്, ഹരീഷ് പേരടി എന്നീ അഭിനയ പ്രതിഭകളുടെ കൂടെയുണ്ടായ ആ നാളുകളില് അവരോടുത്തു ചേരുവാനും വ്യത്യസ്ത അഭിനയ രീതികള് ഹൃദിസ്ഥമാക്കുവാനും കഴിഞ്ഞു. ഏറെ പ്രതീക്ഷകളോടെ ഫിലിം രംഗത്തെ കണ്ടിരുന്ന ഈ വേളയിലാണ് കോവിഡ് മഹാമാരിയുടെ

രംഗപ്രവേശം.

അനവസരത്തിലെ അടച്ചിരുപ്പിന്റെ വരവ് ആദ്യമാദ്യം മടുപ്പിച്ചു. പക്ഷെ, തന്നിലെ അഭിനേതാവിന്റെ മാറ്റുരക്കുവാനായി കാലത്തെ മാറ്റിയെടുക്കുകയായിരുന്നു, അഭിലാഷ്.
മോണോലോഗുകള് സ്ക്രിപ്റ്റെഴുതി വ്യത്യസ്തങ്ങളായ കഥാതന്തുക്കള് സൃഷ്ടിച്ചു കൊണ്ടുള്ള അഭിനയ പാടവം തെളിയുകയായിരുന്നു.

ഇന്സ്റ്റാഗ്രാം/ഫെയ്സ് ബുക്ക്/യൂ ട്യൂബ് പോസ്റ്റുകളില് കൂടി തന്റെ മോണോലോഗുകള് ഏറെ ശ്രദ്ധ നേടുന്നതിലുള്ള ആഹ്ലാദവും അഭിലാഷ് പങ്കു വച്ചു.

കോവിഡ് പശ്ചാത്തലമായി
ശ്രീ വിജയ് കൃഷ്ണ സ്ക്രിപ്റ്റ് എഴുതി സാക്ഷാത്കരിച്ച ''TN 7777'' (ടി.എന്. ഡബിള് സെവന് ഡബിള് സെവന്) എന്ന ഷോര്ട്ട്- ഫിലിം റിലീസായി ഇതിനിടെ. അതിലെ സെലീം എന്ന കേന്ദ്രകഥാപാത്രത്തെ അവതരിപ്പിച്ചു കൊണ്ടുള്ള അഭിലാഷിന്റെ അഭിനയം ഉദാത്തമായി മാറുകയും ചെയ്തു. സംഭാഷണങ്ങള് ഹിന്ദിയിലേക്ക് സുഹൃത്തുക്കളുടെ സഹായത്തോടെ വിവര്ത്തനം ചെയ്യുകയും ഭോല്പുരി ശൈലിയില് അവതരിപ്പിക്കുകയും ചെയ്തു, അഭിലാഷ്. ദേശീയ ശ്രദ്ധയിലേക്ക് ഈ ചിത്രം വന്നു കഴിഞ്ഞു.

ടാലന്റഡ് ബാങ്കേഴ്സ് കൂട്ടായ്മയിലേക്കുള്ള അഭിലാഷിന്റെ വരവ് ഈയടുത്തകാലത്താണുണ്ടായത്. സുഹൃത്തുക്കളില് നിന്ന് കേട്ടറിഞ്ഞു കൊണ്ടാണ് അദ്ദേഹം നമ്മുടെ വേദിയിലെത്തിയത്.

ആദ്യമായി വന്ന മോണോലോഗ്, മെക്കാനിക് ആല്ബെര്ട്ട് എന്ന ഹൃദയഹാരിയായ കഥാപാത്രത്തെ അവതരിപ്പിച്ചു കൊണ്ടാണ്. അതിലെ, കുഞ്ഞിന്റെ ഭാഗം ഡബ്ബ് ചെയ്തത് ഐറീൻ ആയിരുന്നു. തുടര്ന്ന് എത്രയെത്ര വ്യത്യസ്തങ്ങളായ കഥാപാത്രങ്ങള്! ഭാവമാറ്റങ്ങളുടെ കുടമാറ്റവും ഭാഷണങ്ങളുടെ മിന്നലുകളും ഒന്നില് നിന്ന് മറ്റൊന്നിലേക്ക് മിന്നിമായുന്ന പകിട്ടുമായി ഓരോ ഏടും ദീപ്തമാകുന്നു,

വില്ലനായും നായകനായും പ്രതിനായകനായും പകര്ന്നാടുമ്പോള് പല മാനുഷികഭാവങ്ങളും തന്റെ സൂക്ഷ്മമായ നിരീക്ഷണപാടവങ്ങളോട് കടപ്പെട്ടിരിക്കുന്നു. ലോകത്തെ സ്തംഭിപ്പിച്ചതെങ്കിലും കോവിഡ്കാലം തനിക്ക് മോണോലോഗുകളുടെ പൂക്കാലമായി എന്ന പോസിറ്റീവ് ചിന്തയിലാണ്, അഭിലാഷ്.

'The Artist' എന്ന മേണോലോഗില് ഒരു കുഞ്ഞു ശബ്ദം പ്രതികരിക്കുന്നതായി കേള്ക്കാം.അതിമനോഹരമായ ആ ശബ്ദ സാന്നിദ്ധ്യം ഐറീന് അഭിലാഷ്

എന്ന അഞ്ചു വയസ്സുകാരിയായ മകളുടേതാണ്. ' തല' എന്ന ഷോർട്ട് ഫിലിമിൽ രണ്ടര വയസ്സുള്ളപ്പോൾ അതിലെ പ്രധാന കഥാപാത്രം അവതരിപ്പിച്ച മിടുക്കിയാണ് ഐറിന്.

ഓരോ ചിത്രീകരണവും ഓരോ പരീക്ഷണമായി ഈ അനുഗ്രഹീത കലാകാരന് കാണുന്നു. പത്മരാജന് കഥകള് മോണോലോഗുകളായി അവതരിപ്പിച്ചതില് "അച്ഛന്" എന്ന എപ്പിസോഡില് സ്വന്തം പിതാവിന്റെ അന്ത്യരംഗങ്ങള് അബോധതലങ്ങളില് നിറഞ്ഞു നിന്നിരുന്നതായി അഭിലാഷ് ഓര്ക്കുന്നു.

കോവിഡ് ശമനകാലമാകട്ടെ,
"അഹം തപസ്യ" എന്ന ഷോര്ട്ട്-ഫിലിം സാക്ഷാത്ക്കരിക്കുവാനായി സുഹൃത്തും സംവിധായകനുമായ വിഷ്ണുപാറക്കലും സംഘവും കാത്തിരിക്കുന്നു.

'Radical', "ഊഞ്ഞാല്", എന്നീ ഷോര്ട്ട് ഫിലിമുകള് റിലീസിംഗിന് തയ്യാറായിരിക്കുന്നു.
"ഒരു ഭ്രാന്തമായ വണ്ടി കഥ", (ഫീച്ചർ ഫിലിം). 'അസാള്ട്ടാ സെയ് വോം" (തമിഴ്), "അവസരം the chance", ( ഷോർട്ട് ഫിലിം) "ജയോത്സവം" (ഫീച്ചര് ഫിലിം). എന്നീ പ്രോജക്ടുകള് ഉടനെയുണ്ടാകും. അഭിലാഷിന്റെ വാക്കുകള് പ്രതീക്ഷാനിര്ഭരമായി.

അമ്മ പ്രേമകുമാരിയും പ്രിയതമ രേഷ്മയും ജ്യേഷ്ഠന് അനീഷും അഭിലാഷിന്റെയും ഐറിന്റെയും കലാവാസനകളെ ആവോളം പ്രോത്സാഹിപ്പിക്കുന്നു. സൂപ്പര് മാര്ക്കെറ്റ് ചുമതലകളില് അമ്മയും രേഷ്മയും വ്യാപൃതരായിരിക്കുമ്പോഴും ഓരോ പുതിയ വിഡിയോവും അവര് കുടുംബത്തില് ആഘോഷമാക്കുന്നു.
ക്യാന്സര് രോഗത്തിന്റെമാരകാവസ്ഥയെ നേരിട്ട അച്ഛന്റെ വേര്പാടിനു ശേഷം അമ്മ ചിരിച്ചു കണ്ടത് ഐറീന് വാവയുടെ വരവോടെയാണ്. അമ്മയുടെ ബെറ്റിനെക്കുറിച്ച് മറന്നേ പോയി.
'പക്ഷെ അമ്മ മറന്നില്ല". അഭിലാഷ് പുത്രിയുടെ ജനനദിവസത്തിന്റെ ആഹ്ലാദനിമിഷങ്ങളിലേക്കാഴ്ന്നിറങ്ങി.

"തുടര്ന്നും ഫീച്ചര് ഫിലിമുകളില് അഭിനയിക്കണമെന്ന ആഗ്രഹം പ്രിയ സുഹൃത്ത് അഭിലാഷിന് സാദ്ധ്യമാകുക തന്നെ ചെയ്യും. കഥാപാത്രങ്ങളെ പകര്ന്നാടാനുള്ള അസാമാന്യ കഴിവുകള് അദ്ദേഹം ആത്മസമര്പ്പണത്തോടെ നിരന്തര പ്രയത്നത്താല് പരിപോഷിപ്പിക്കുന്നു. 'ദ്യുതി' യുടെയും 'സാറ്റര്നാലിയ' യിലെയും വേദികളില് നൃത്തച്ചുവടുകളില് അദ്ദേഹം ഏവര്ക്കും പ്രചോദനമായി മാറുന്നു. എന്റെ നൃത്തത്തിന് ഏറെ പ്രേരണയോടെ അദ്ദേഹം ഓരോ ചുവടിനും ബലമേകിയതും സന്തോഷത്തോടെ ഓര്ക്കുന്നു" - ശ്രീ അരുണ് നാരായണ്, UBI ( ടാലന്റഡ് ബാങ്കർ ദളം - ജനുവരി '21) നല്കിയ

സന്ദേശത്തോടെ ഈ ദളം സമര്‍പ്പിക്കുന്നു.

അഭിലാഷിന്‍റെ നടനവൈഭവങ്ങള്‍
മിഴിവാര്‍ന്നു പടരുവാന്‍ വേദികള്‍ പ്രഭ ചൊരിഞ്ഞു നില്‍ക്കട്ടെ.
(ശ്രദ്ധേയമായ ചില അഭിലാഷ് നടനഘോഷങ്ങളുടെ ലിങ്കുകളില്‍ ചിലത് ചുവടെ ചേര്‍ക്കുന്നു)**

നടനരംഗത്ത് ഉന്നതമാനങ്ങള്‍ തേടിയുള്ള യാത്രകള്‍ അഭിലാഷപൂര്‍ണ്ണിമ ചൊരിയുന്നതാകട്ടെ.

ആശംസകളോടെ ടാലന്‍റഡ് ബാങ്കേഴ്സ്
**

Instagram link-

https://www.instagram.com/tv/CIDpWSvB7QN/...

Short Film link -

https://youtu.be/7wSVoYCHSJU

---------------------------------------------------------------------------------------------

തയ്യാറാക്കിയത് : Arya Gayathry , State Bank of India, Pallickal Branch & ബി.കെ.രമേശ് കുമാരൻ നായർ, റിട്ട. ചീഫ് മാനേജർ, എസ്.ബി.ടി

English version: Drisya Saseendran , Union Bank of India, Regional Office, Thiruvananthapuram

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്

---------------------------------------------------------------------------------------------

How about we begin the discourse with a scintilla of delight?

I won the bet ! Exclaimed a banker with joy on Irene's birthday in the waiting lounge of the hospital. The appeal of the environs were likewise unfathomable. Another family with four girl children were about to welcome a fifth child which they expected to be a boy. Close to that, sat a mother who betted that the child would be a boy whereas the son was of the opinion that it would be a girl. The door of the labour room stood open .The members of the other family happily lined up there with the new born carried in their arms.The next baby made it’s way outside before the sight of the family already standing there with the new born waned. Th banker's mother who lost the bet joined his bliss to welcome the baby.

Irene, who was born back then, is now five years old.

Let's have the privilege to introduce to you through this column, Irene's father, a banker with multifarious and inventive facets.

Abhilash Krishnankutty
Union Bank of India,
Tharoor Branch,
Palakkad District.

Abhilash was born in February 1988 at Manjaprayil near Palakkad North,to Late Mr K. Krishnankutty , who retired from the Army as Subedar Major, and Mrs. M.Prema Kumari who retired from Alathur E.K.E.M.U.P.S as a teacher.His elder brother Shri Aneesh Krishnan Kutty who was working with HCL as an engineer is an entrepreneur as of now. His mother along with Abhilash's significant other, Mrs Reshma who is an MBA holder from UK steers the business venture.Reshma wants to emulate her father's footsteps and become an entrepreneur.

Abhilash had his schooling at B.S.S Gurukulam, Alathur. He never used to participate in competitions since his focus was solely in his studies.It was when he joined Karunagapally Engineering College for doing his for B.Tech in EC that he got to know the profundity of his innate rhythms. Chances were not at all slim during that time so that he could exhibit his talents and perform on many stages to the best of his potentialities. It was during that time that he started following the path of his father, mother and uncle and fostered a passion for drama.

After completing his Btech,he worked at Eram Scientific Solutions and Sutherland Global Services .In 2012, he joined the Tharoor branch of Union Bank of India in clerical cadre.

Demise of his father who succumbed to cancer was a huge set back in his life.He had to put in tremendous efforts to bring back his mother's life to normalcy.

Abhilash enacted the lead role in the play 'Nishedhi' , It was at that time he acted in the short film 'Karmana'produced by Aghora media.This was trailed by the release of various short-films and web series such as ' Marivillu ', ' Chendumalli ' ' Hang Over ' ' Dasan and Vijayan ' and ' Padmarajan Kathakal '.The inspiration provided by Palakkad Movie Makers was invaluable.

Abhilash enacts self composed monologues and posts them on Instagram and Facebook.

He along with his team has won several laurels at the mega events -'Saturnalia' and 'Dyuthi - hosted by Union Bank of India. Abhilash was chosen as one among as many as thousand people as a new face in the movie-'Manoharam' starring Shri Vineeth Sreenivasan.Also he got trained in acting in the set of 'Manoharam'.He could imbibe different styles of acting from Shri Vineeth,Shri Indrans and Shri Harish Perady.

That was when covid pandemic had it's onset.Abhilash capitalized the time to work on his acting prowess by writing scripts for monologues and making different storylines.Abhilash shared the delight of standing out enough to be noticed for sharing his monologues through his Instagram/Facebook/YouTube posts.

Meanwhile, Abhilash's performance as the central character, Saleem, in the short film-'TN 7777 'scripted by Sri Vijay Krishna got wide spread attention.He translated the dialogues into Hindi with the help of his friends and presented it in Bholpuri style, and it has gained attention at the National Level.

His first monologue featured the character Albert, a mechanic. Dubbing for the baby's voice that comes in between was done by Baby Irene.In the monologue 'The Artist', a baby's voice which can be heard ,responding is that of Irene.She played the lead role in the short film 'Thala' when she was two and a half years old.

Abhilash recalls that in the episode 'Achan', in which Padmarajan stories were narrated, his subconscious mind was filled with his father's memories.

His friend and a director,Shri Vishnu Parakkal and his team are waiting for materializationn of the short film- 'Aham Tapasya'.The short films 'Radical' and Oonjal ('Swing') are about to get released.

'' Oru bhrandamaya Vandikatha '' (feature film),'' Assaltha Seivom '' (Tamil), Avasaram '' (Short Film) '' and Jayotsavam '' (Feature Film) are in the offing.

Abhilash inspires everyone with his mesmerizing dance moves on the stages of 'Dyuthi' and 'Saturnalia'. Mr. Arun Narayan, UBI (Talented Banker - January '21)gratefully remembers the warm support extended by Mr Abhilash in seeking after his passion for dancing.

Please check out the following links to have a deeper insight of his artistic endeavours.

Facebook link-

**https://www.facebook.com/abhilash.krishnankutty.9**

Instagram link-

https://www.instagram.com/tv/CIDpWSvB7QN/...

Short film - TN 7777

https://youtu.be/7wSVoYCHSJU

Talented Bankers community wishes Mr Abhilash to keep on refining the subtleties of his artistic pursuits.May he explore the pinnacle of his passions and keep on fascinating us through his unparalleled perfomances.